**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2562** **04-03-2025 - ൽ മറുപടിയ്ക്ക്**

**സംരംഭക മേഖലയിൽ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തികവളർച്ചയിൽ സമഗ്രസംഭാവനകൾ നൽകാനുതകുന്ന തരത്തിലേക്ക് സംരംഭക മേഖലയിൽ സ്ത്രീ പ്രാതിനിധ്യം വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ സമഗ്ര സംഭാവനകൾ നൽകുന്ന തരത്തിലേക്ക് സ്ത്രീ പ്രാതിനിധ്യം വളർത്തിയെടുക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്. 2022-23 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കി വരുന്ന സംരംഭകവർഷം പദ്ധതി വഴി പ്രവർത്തനം ആരംഭിച്ച സംരംഭങ്ങളിലെ സ്ത്രീ പ്രാതിനിധ്യം പരിശോധിച്ചാൽ ഇത് മനസ്സിലാകുന്നതാണ്. ഏപ്രിൽ 1, 2022 മുതൽ 2025 ഫെബ്രുവരി 28, വരെയുള്ള കാലയളവിൽ ആരംഭിച്ച 3,46,276 സംരംഭങ്ങളിൽ 1,10,247 സംരംഭങ്ങൾ ആരഭിച്ചിരിക്കുന്നത് സ്ത്രീകളാണ്. കൂടാതെ ഈ സംരംഭങ്ങൾ വഴി പ്രസ്തുത കാലയളവിൽ ആകെ സൃഷ്ട്ടിച്ച 7,34,635 തൊഴിലവസരങ്ങളിൽ 214,016 തൊഴിലവസരങ്ങളും സ്ത്രീകളുടേതാണ്. |
| (ബി) | സംസ്ഥാനത്തെ വ്യവസായ വളർച്ചയുടെ നട്ടെല്ലായി സ്ത്രീകളെ മാറ്റിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യവസായ-വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച സംരംഭക വർഷം പദ്ധതി വനിതാ സംരംഭകർക്ക് ശക്തമായ പ്രചോദനവും ആത്മവിശ്വാസവും നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി പരിശീലന പരിപാടികൾ, ധനസഹായ പരിപാടികൾ, പ്രദർശന വിപണന മേളകൾ, അടിസ്ഥാന സൗകര്യ വികസനം മുതലായ സഹായങ്ങൾ വ്യവസായ വകുപ്പ് മുഖാന്തിരം നൽകി വരുന്നുണ്ട്. ഈ പദ്ധതികളിൽ എല്ലാം തന്നെ വനിതാ സംരംഭകർക്കും മുൻഗണന നൽകി വരുന്നു. വ്യവസായ വകുപ്പ് സംരംഭകർക്ക് നൽകുന്ന അവാർഡുകളിലും സ്ത്രീ സംരംഭകർക്കും പ്രത്യേക അവാർഡ് നൽകുന്നുണ്ട്.<br><br>2022-23 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കി വരുന്ന സംരംഭകവർഷം പദ്ധതി വഴി പ്രവർത്തനം ആരംഭിച്ച സംരംഭങ്ങളിലെ സ്ത്രീ പ്രാതിനിധ്യം പരിശോധിച്ചാൽ ഇത് മനസ്സിലാകുന്ന താണ്. ഏപ്രിൽ 1, 2022 മുതൽ 2025 ഫെബ്രുവരി 28, |

വരെയുള്ള കാലയളവിൽ ആരംഭിച്ച 3,46,276 സംരംഭങ്ങളിൽ 110,247 സംരംഭങ്ങൾ സ്ത്രീ സംരംഭങ്ങളാണ്. ഇത് ആകെ ആരംഭിച്ച സംരംഭങ്ങളുടെ 32% ആണ്. കൂടാതെ ഈ സംരംഭങ്ങൾ വഴി പ്രസ്തുത കാലയളവിൽ ആകെ സൃഷ്ടിച്ച 734,635 തൊഴിലവസരങ്ങളിൽ 214,016 തൊഴിലവസരങ്ങളും സ്ത്രീകളുടെതാണ്.

സ്ത്രീ സംരംഭകർക്ക് പ്രാധാന്യവും,പ്രോത്സാഹനവും, അധിക സഹായവും നൽകുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. സംരംഭകസഹായ പദ്ധതി (ESS)**

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നു. പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

വനിതാ സംരംഭങ്ങൾക്ക് 10% സബ്സിഡി അധികമായി നൽകുന്നു. ആയത് പ്രകാരം ഒരു വനിതാ സംരംഭത്തിന് പരമാവധി 40 ലക്ഷം രൂപ വരെ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ലഭിക്കുന്നു.

**2. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്**

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin money നല്കികൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുസംരംഭങ്ങൾ സ്ഥാപിക്കു ന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പ്പന്ന നിർമ്മാണം, ഭക്ഷ്യസംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവനമേഖല എന്നിവയിൽ പുതുതായി ആരംഭിക്കുന്ന ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, ഭിന്നശേഷിക്കാർ, വിമുക്തഭടന്മാർ, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗ ത്തിൽപ്പെട്ടവർ എന്നിവർ ഈ പദ്ധതിയിൽ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുന്നു. പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിന് മാർജിൻ മണിഗ്രാന്റ് ആകെ പ്രൊജക്ട് ചെലവിന്റെ 30%-വും

ഗുണഭോക്തൃവിഹിതം കുറഞ്ഞത് 30% വും ബാങ്ക് വായ്പ 40% വും ആയിരിക്കും. മുൻഗണന വിഭാഗക്കാർക്ക് മാർജിൻ മണിഗ്രാന്റ് ആകെ പ്രൊജക്ട് ചെലവിന്റെ 40% ഉം ഗുണഭോക്തൃവിഹിതം കുറഞ്ഞത് 20%ഉം ബാങ്ക് വായ്പ 40%ഉം ആയിരിക്കും. ഈ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും, മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കൾ സ്ത്രീ സംരംഭകരായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

**3 ഒരു കുടുംബം, ഒരു സംരംഭം പദ്ധതി**

ഉല്പാദന, സേവന, വ്യാപാരമേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശ ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. 01.04.2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി നൽകുന്നു. ഈ പദ്ധതിയുടെ 50% ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കണമെന്ന് നിബന്ധനയുണ്ട്.

4.**തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നൽകുന്ന പദ്ധതി.**
**(Employment enhancer Incentive Scheme)**

കേരള വ്യവസായ നയം 2023 പ്രകാരം തെരഞ്ഞെടുത്ത 22 മുൻഗണനാ മേഖലകളിലെ വ്യവസായങ്ങളുടെ ആവശ്യങ്ങൾക്ക് പരിഗണന നൽകുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന 18 സബ്സിഡി പദ്ധതികളിൽ ഉൾപ്പെടുന്ന 'തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നൽകുന്ന പദ്ധതി (Employment enhancer Incentive Scheme)' പദ്ധതി പ്രകാരം വൻകിട, മെഗാ മേഖലകളിലെ (Large, Mega) സംരംഭങ്ങളിൽ 50%-ത്തിലധികം സ്ഥിരം ജീവനക്കാരും വനിതകളായാൽ, അപ്രകാരം അധികമായി സൃഷ്ടിക്കപ്പെട്ട ഓരോ തൊഴിലിന്റെയും മാസവേതനത്തിന്റെ 25%, പരമാവധി ഒരു വനിതാജീവനക്കാരിക്ക് മാസം 5000 രൂപ എന്ന തോതിൽ ഒരു വർഷത്തേക്ക് തൊഴിലുടമയ്ക്ക് റീഇംബേഴ്സ്മെന്റ് ആയി നൽകുന്നു.

കൂടാതെ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന 'നിലവിലുള്ള എംഎസ്.ഇ. കളിൽ സൂക്ഷ്മ

| | | | |
|---|---|---|---|
| | | | സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി', 'കേരള വ്യവസായനയം 2023 പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന മറ്റു സബ്സിഡി പദ്ധതികൾ', 'മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി', 'തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവും ആയ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs with stressed asset, Defunct MSME units and cashew processing units)' പദ്ധതികൾ പ്രകാരം ഉള്ള ആനുകൂല്യങ്ങൾ വനിതാ സംരംഭകർക്കും ലഭ്യമാണ്. |
| (സി) | സംരംഭങ്ങൾ രൂപീകരിക്കാനെടുത്ത ചുരുങ്ങിയ സമയം, സർക്കാർ ഒരുക്കി നൽകിയ പശ്ചാത്തല സൗകര്യങ്ങൾ, പുതുതായി സംരംഭകത്വത്തിലേക്ക് വന്ന വനിതകളുടെ എണ്ണം തുടങ്ങിയ മാനദണ്ഡങ്ങളാൽ രാജ്യത്തുതന്നെ പുതുചരിത്രമായി സംരംഭക വർഷം പദ്ധതി മാറിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. 2023 ജനുവരി മാസം ബഹു. പ്രധാനമന്ത്രി അദ്ധ്യക്ഷത വഹിച്ച സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ ദേശീയ കോൺഫറൻസിൽ സംരംഭകവർഷം പദ്ധതി രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസ് ആയി അംഗീകരിക്കപ്പെട്ടു. കൂടാതെ സംരംഭകവർഷം പദ്ധതിയെക്കുറിച്ച് ഐ.ഐ.എം ഇൻഡോർ നടത്തിയ പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ ഈ പദ്ധതി എത്രമാത്രം സംരംഭ മേഖലയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുന്നതാണ്. ഈ പഠന റിപ്പോർട്ട് വ്യവസായ വകുപ്പിന്റെ വെബ് സൈറ്റിൽ പബ്ലിഷ് ചെയ്തിട്ടുണ്ട്. ഈ പഠന റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ താഴെ പറയുന്നു.<br><br>"സംരംഭകർക്ക് നൽകിയിട്ടുള്ള പിന്തുണയാണ് സംരംഭകവർഷം പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. ഈ പിന്തുണയെ സംരംഭകർ വളരെയധികം വിലമതിക്കുന്നു. മറ്റൊരു സവിശേഷത വിവിധ പദ്ധതികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എളുപ്പമാക്കി എന്നുള്ളതാണ്. കൂടാതെ വകുപ്പ് നടപ്പിലാക്കുന്ന പലിശ സബ്സിഡി പദ്ധതിയിലൂടെ കുറഞ്ഞ പലിശ നിരക്കുകളിൽ വായ്പ ലഭ്യമാക്കാൻ സൂക്ഷ്മ സംരംഭകരെ സഹായിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ പിന്തുണയുള്ള വായ്പകൾ ബിസിനസ്സ് വികസനത്തിന് ആവശ്യമായ ഫണ്ടിംഗ് നേടാനുള്ള കഴിവ് സംരംഭങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഓറിയന്റേഷൻ കാമ്പെയ്നുകൾ സംരംഭകർക്ക് പദ്ധതികൾ ഫലപ്രദ മായി മനസ്സിലാക്കാനും അവ പ്രയോജനപ്പെടുത്താനും സംരംഭകരെ സഹായിച്ചിട്ടുണ്ട്. സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ പുതിയ |

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പിന്തുണ നൽകുക മാത്രമല്ല അത് വഴി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. സംരംഭകർക്ക് നൽകുന്ന വിവിധ പരിശീലന പരിപാടികളും അതുപോലെ വിപണന സഹായങ്ങളും സംരംഭങ്ങളുടെ സാമ്പത്തിക സാക്ഷരതയും വിപണന തന്ത്രങ്ങളും മെച്ചപ്പെടുത്തിയിട്ടുണ്ട്. ഇത് അവരുടെ ബിസിനസ് പ്രവർത്തനങ്ങളും വിപണിയിലെ മത്സരശേഷിയും കൂടുതൽ മെച്ചപ്പെടുത്തി."<br><br>ഇത്തരമൊരു വലിയ പദ്ധതിയെക്കുറിച്ച് ഇൻഡോർ ഐഐഎം നടത്തിയ പഠനം കേരളത്തിനാകെ അഭിമാനകരമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ്. അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷന്റെ നോവൽ ഇന്നവേഷൻ ഇൻ പബ്ലിക് സെക്ടർ അംഗീകാരവും പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. ദൈനംദിന ബിസിനസ്സ് പ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് അവരുടെ സൃഷ്ടിപരവും പുതിയതുമായ ആശയങ്ങൾ നടപ്പിലാക്കാൻ കഴിയുന്നുണ്ട്. |
| (ഡി) | ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ധാരാളം സ്ത്രീകൾ കേരളത്തിലുണ്ട് എന്നതിനാൽ അവരുടെ ശേഷി കൂടുതൽ വികസിപ്പിക്കുന്നതിനും വ്യവസായ-ഉത്പാദന തൊഴിൽരംഗങ്ങളിൽ അവർക്കുള്ള പങ്കാളിത്തം വിപുലപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ? | (ഡി) | ഉണ്ട്. കേരളത്തിലെ സ്ത്രീകളുടെ ശേഷി കൂടുതൽ വികസിപ്പിക്കുന്നതിനും വ്യവസായ-ഉത്പാദന തൊഴിൽ രംഗങ്ങളിൽ അവർക്കുള്ള പങ്കാളിത്തം വിപുലപ്പെടുത്തുന്നതിനുമുള്ള വിവിധ നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്. 2022-23 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കി വരുന്ന സംരംഭകവർഷം പദ്ധതി വഴി പ്രവർത്തനം ആരംഭിച്ച സംരംഭങ്ങളിലെ സ്ത്രീ പ്രാതിനിധ്യം പരിശോധിച്ചാൽ ഇത് മനസ്സിലാകുന്നതാണ്.<br><br>സംസ്ഥാനത്തെ വനിതകൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നിലവിലുള്ള ചെറുകിട, ഇടത്തരം സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി. വഴി വി-മിഷൻ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം അവരുടെ സംരംഭം വിപുലീകരിക്കുന്നതിനു നിബന്ധനകൾക്ക് വിധേയമായി, വി മിഷൻ പദ്ധതി പ്രകാരം മിനിമം 10 ലക്ഷം രൂപ വാർഷിക വരുമാനമുള്ളവർക്ക് 51% കുറയാത്ത ഓഹരിയുള്ള വനിതാ സംരംഭകർക്ക് പരമാവധി 50.00 ലക്ഷം രൂപ വരെ ഈടില്ലാതെ ലോൺ നൽകി വരുന്നു. നിലവിൽ 7.5% പലിശനിരക്കിൽ ആറ് വർഷത്തേയ്ക്കാണ് പ്രസ്തുത വായ്പ നൽകുന്നത്. കെ.എസ്.ഐ.ഡി.സി. മുഖാന്തിരം മുപ്പതോളം വനിതാ സംരംഭകർക്ക് ധനസഹായം നൽകുവാനും തദ്വാരാ ഏകദേശം |

| | | | |
|---|---|---|---|
| | | | അഞ്ഞൂറോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്.<br><br>ഇന്ന് കൂടുതൽ സ്ത്രീകൾ വിവിധ സാമ്പത്തിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ മുന്നോട്ട് വരുന്നുണ്ട്. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 59 ഓളം വനിതാ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്യുകയും അവരുടെ സംരംഭങ്ങളെല്ലാം തന്നെ വിജയകരമായി പ്രവർത്തിച്ച് വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ